**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2518** **24-06-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതി എല്ലാ സ്പെഷ്യലിസ്റ്റ് ആശുപത്രികളിലും ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | **ഉണ്ട്. ജില്ലകളെ cluster കളായും ആശുപത്രികളെ category ആയും തിരിച്ച് ഓരോ ക്ലസ്റ്ററിലും ഓരോ കാറ്റഗറിയിൽ നിന്നും ഉൾപ്പെടുത്തേണ്ട ആശുപത്രികളുടെ എണ്ണം സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതു പ്രകാരമുള്ള ആശുപത്രികളെ കമ്പനി എംപാനൽ ചെയ്തിട്ടുമുണ്ട്. എന്നിരുന്നാലും ഇനിയും എംപാനൽ ചെയ്തിട്ടില്ലാത്ത സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ സ്പെഷ്യലിസ്റ്റ് ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനിയും ആശുപത്രി അധികൃതരുമായി വിവിധ അവലോകനയോഗങ്ങളിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാവിഭാഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | നിലവിലെ പരമാവധി ആനുകൂല്യ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; | (ബി) | ഇൻഷുറൻസ് കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം പോളിസി കാലയളവിൽ (2022-25) നിലവിലെ പരമാവധി ആനുകൂല്യ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല . |
| (സി) | അടിയന്തര സാഹചര്യത്തിൽ മെഡിസെപിന്റെ പരിധിയിൽ വരാത്ത ആശുപത്രിയിൽ നിന്നും ചികിത്സ തേടിയാൽ ആയതിനു ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനു സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | ഉണ്ട്. **17/02/2023 -ലെ 18/2023/ധന സർക്കുലറിലെയും അവയിലെ നിബന്ധനകൾ പുതുക്കി പുറപ്പെടുവിച്ച 05/01/2024 തീയതിയിലെ 01/2024/**ധന സർക്കുലറിലെയും നിബന്ധനകളനുസരിച്ച് മെഡിസെപ് പദ്ധതിക്കു വേണ്ടി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവെച്ച ധാരണാപത്രം (MoU) പ്രകാരം വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം എന്നീ അടിയന്തര സാഹചര്യങ്ങളിൽ മാത്രം മെഡിസെപ് -ൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ ചെയ്യുന്ന അടിയന്തര ചികിത്സ/ ശസ്ത്രക്രിയകൾക്ക് വ്യവസ്ഥ കൾക്ക് വിധേയമായി ഇൻഷുറൻസ് കമ്പനി റീഇംപേഴ്സ്മെന്റ് അനുവദിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ